ലാറ്റിൻ കാത്തലിക് വിഭാഗത്തിലെ സമുദായംഗങ്ങൾക്ക് സംവരണാനുകൂല്യം

104 (5509) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലാറ്റിൻ കാത്തലിക് വിഭാഗത്തിലെ മുഴുവൻ സമുദായാംഗങ്ങൾക്കും വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്കുള്ള സംവരണാനുകൂല്യം ലഭിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ കണക്കനുസരിച്ച് ലാറ്റിൻ കാത്തലിക് വിഭാഗത്തിൽ എത്ര ഉപജാതികൾ ഉണ്ട് ; ഇത് സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) അങ്ങനെയൊരു ലിസ്റ്റ് നിലവിലില്ലെങ്കിൽ ലാറ്റിൻ കാത്തലിക് വിഭാഗത്തിലെ ഉപജാതികളെ ഉൾക്കൊള്ളിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുമോ ;

(ഇ) അവ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(എഫ്) ലാറ്റിൻ കാത്തലിക് വിഭാഗത്തിലെ എല്ലാ ജാതിയിൽപ്പെട്ടവർക്കും ലഭിച്ചുകൊണ്ടിരുന്ന സംവരണാനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ലെന്ന് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) പ്രസ്തുത വിഭാഗക്കാർക്ക് സംവരണ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അപാകതകളും ദൂരീകരിക്കാൻ പിന്നോക്ക വിഭാഗങ്ങൾക്കുള്ള നിയമസഭാ സമിതി സർക്കാരിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയെന്ന് വിശദമാക്കുമോ ;

(എച്ച്) പ്രസ്തുത നിർദ്ദേശങ്ങളിൽ സംസ്ഥാന സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഐ) നിയമസഭാസമിതിയുടെ നിർദ്ദേശങ്ങളിൻമേൽ എന്നത്തേക്ക് സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ലഭിക്കുന്നുണ്ട്.

(സി-ഇ) ലാറ്റിൻ കാത്തലിക് വിഭാഗത്തിന് ഉപജാതികളില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) തിരുവനന്തപുരം ജില്ലയിലെ ലാറ്റിൻ കാത്തലിക് സമുദായത്തിൽപ്പെട്ടവരുടെ സ്കൂൾ രേഖകളിൽ ഈഴവ, മുക്കുവ, നാടാർ തുടങ്ങിയ ഹിന്ദു ജാതി നാമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അത്തരക്കാർക്ക് ലാറ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

കാത്തലിക് സർട്ടിഫിക്കറ്റ് ലഭിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നതിനാൽ ഉപജാതി നോക്കാതെ ലാറ്റിൻ കാത്തലിക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ പിന്നോക്കസമുദായ ക്ഷേമസമിതി നിർദ്ദേശിച്ചിരുന്നു.

(എച്ച്&ഐ) പ്രസ്തുത നിർദ്ദേശത്തിന്മേൽ കിർത്താഡ്സ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുകയും പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിച്ചും വരുന്നു.

ഒ.ബി.സി. സംവരണ ആനുകൂല്യം

105 (5510) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നായിഡു സമുദായത്തിന് ഒ.ബി.സി.സംവരണ ആനുകൂല്യം ലഭിക്കണമെന്ന നിവേദനത്തിൽ എന്ത് നടപടികളാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ദേശീയ/സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ നിർദ്ദേശപ്രകാരം കിർത്താഡ്സ് നടത്തിയ സർവ്വെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നായിഡു സമുദായത്തിന് ഉദ്യോഗ സംവരണം വേണമെന്ന നിവേദനത്തിന്മേൽ കിർത്താഡ്സ് ഡയറക്ടറുടെ റിപ്പോർട്ട് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഇല്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം അനുസരിച്ച് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്കാരുടെ ലിസ്റ്റ്

106 (5511) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമുദായങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly